**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1065** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മലയോര ഹൈവേ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മലയോര ഹൈവേ എടപ്പറമ്പ -കോളിച്ചാൽ റീച്ചിൽ എന്തൊക്കെ ജോലിയാണ് ഇനി അവശേഷിക്കുന്നത്;

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്ന കോളിച്ചാൽ എടപറമ്പ റോഡ് പ്രവൃത്തിയിൽ വനഭൂമിയിൽ വരുന്ന പള്ളാഞ്ചി 1, പള്ളാഞ്ചി- II എന്നീ പാലങ്ങളുടെ നിർമ്മാണവും, വനഭൂമിയിലുള്ള റോഡ് നിർമ്മാണ പ്രവൃത്തിയും, കാവുങ്കൽ പാലത്തിന്റെ നിർമ്മാണവുമാണ് ഇനി അവശേഷിക്കുന്നത്.

**(ബി)** ഈ റീച്ചിൽ വനഭൂമി വിട്ടുകിട്ടാൻ വേണ്ടി പരിവേഷ് പോർട്ടലിൽ സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റോഡ് പ്രവൃത്തിക്കാവശ്യമായ വനഭൂമിക്ക് പകരമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് പകരം ഭൂമി കൈമാറുന്നതിനായി പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്ത രേഖകളിൽ ചില അപാകതകൾ രേഖപ്പെടുത്തിയതിനെ തുടർന്ന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും തിരിച്ചയച്ചിരുന്നു. ഇത് സംബന്ധിച്ച് 22/08/2026 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 03/09/2026 തീയതിയിൽ കാസർഗോഡ് ഭൂമേഖലാ തഹസിൽദാരുടെ കാര്യാലയത്തിൽ വെച്ച് ഭൂമേഖലാ തഹസിൽദാർ, കാസർഗോഡ്, സർവേയർ , കാസർഗോഡ് താലൂക്ക് തഹസിൽദാർ, എന്നിവരുമായി ഒരു യോഗം നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ വച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റാണെന്ന് അറിയിച്ചിട്ടുണ്ട്. വനഭൂമിക്ക് പകരം ഭൂമി നൽകുന്നത് വനം വകുപ്പിന്റെ ഭാഗത്ത് നിന്ന് തയാറാണെന്നും അതിനായി താലൂക്ക് സർവേയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം കാസർകോഡ് ജില്ലാ കളക്ടറെ 07.09.2026 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേജ്- 1 അപ്രൂവലിനു വേണ്ടി പരിവേഷ് പോർട്ടലിൽ സമർപ്പിക്കുന്നതാണ്. സ്റ്റേജ് 1 അനുമതി ലഭ്യമായതിനു ശേഷം വനം വകുപ്പ് നിർദ്ദേശിക്കുന്ന തുക കൂടി സ്റ്റേജ് -2 അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. വനഭൂമിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വനം വകുപ്പിന്റെ സ്റ്റേജ് - 2 അനുമതി ആവശ്യമാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ഈ റീച്ചിൽ വന മേഖലയിൽ എത്ര പാലങ്ങളാണ് നിർമ്മിക്കേണ്ടത്; ആയതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;

**<u>മറുപടി:</u>** പള്ളാഞ്ചി I & II എന്ന രണ്ട് പാലങ്ങളാണ് വനഭൂമിയിൽ നിർമിക്കാൻ ഉള്ളത്. പള്ളാഞ്ചി പാലങ്ങളുടെ ഡി.പി.ആർ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയതിന് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) 10.11.2020 ൽ നൽകിയിരുന്നു. ആയതിനുള്ള മറുപടി 04.06.2022 ൽ സമർപ്പിക്കുകയും ചെയ്തിരുന്നു. കിഫ്ബിയുടെ നിർദ്ദേശ പ്രകാരം മാറ്റങ്ങൾ വരുത്തി പല തവണ പുനർ സമർപ്പിച്ചിരുന്നു. വനഭൂമിയിലുള്ള റോഡ് നിർമ്മാണ പ്രവൃത്തിയും പള്ളാഞ്ചി - 1, പള്ളാഞ്ചി- II പാലങ്ങളുടെ പ്രവർത്തിയും ഒറ്റപദ്ധതിയായി ഡി.പി.ആർ സമർപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 18.01.2024 തീയിതിയിൽ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. വനഭൂമി ഉൾപ്പെടുന്ന പ്രവർത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 05.05.2025 തീയതിയിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് feasibility റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വനഭൂമി ഉൾപ്പെടുന്ന പ്രവർത്തിയുടെ ഡി.പി.ആർ ലഭ്യമാകുന്ന മുറക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** വനഭൂമി വിട്ടുകിട്ടിയാൽ അവശേഷിക്കുന്ന ജോലികൾ ഒറ്റ ടെണ്ടറായി നൽകുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** വനഭൂമി വിട്ടുകിട്ടിയാൽ ഇക്കാര്യം പരിശോധിച്ച തീരുമാനം എടുക്കുന്നതാണ്.

**(ഇ)** ഇലക്ട്രിസിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ബസ് കാത്തിരിപ്പ കേന്ദ്രം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ ജോലികൾ കൂടി പുതിയ ടെണ്ടറിൽ ഉൾപ്പെടുത്തുമോ?

**<u>മറുപടി:</u>** പ്രവൃത്തിയുടെ ഡി.പി.ആർ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ഇലക്ട്രിസിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ബസ് കാത്തിരിപ്പ് കേന്ദ്രം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആവശ്യകതയ്ക്ക് അനുസരിച്ച് ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**